# പരവൂർ വി. കേശവനാശാൻ

## കേരള നവോത്ഥാനത്തിലെ ജ്ഞാനോദയം

**ഏ**തു മനുഷ്യന്റെയും ജീവിതം ധന്യമാകുന്നത് തനിക്കു ജന്മം നൽകിയ സമൂഹത്തിനു പ്രയോജനപ്പെടുന്നതിലൂടെയാണ്. അങ്ങനെയുള്ളൊരു ധന്യാത്മാവായിരുന്നു കേരള നവോത്ഥാനശില്പികൾക്കിടയിലെ ഒരു പ്രധാനിയും 'സമ്പൂർണ്ണ പണ്ഡിതനു'മായിരുന്ന പരവൂർ കേശവനാശാൻ. "അപാരമായ പാണ്ഡിത്യത്തിനും പ്രതിഭാവിലാസത്തിനും അനുഗുണമായി ഉന്നതസംസ്കാരവും ആരാധ്യമായ സമുദായ സ്നേഹവും ഉറഞ്ഞു നിന്നിരുന്ന അപൂർവ്വം ചില മഹാന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഒരു മഹാ സംസ്കൃതപണ്ഡിതൻ, മാതൃകാധ്യാപകൻ, ഉത്തമ വൈദ്യൻ, പ്രതിഭാസമ്പന്നനായ ജോത്സ്യൻ, നിസ്വാർത്ഥനായ സമുദായ സേവകൻ, നിർഭയനായ പത്രപ്രവർത്തകൻ, സർവ്വോപരി നിഷ്ക്കളങ്കനും നിരുപമകൃപാലുവുമായ മനുഷ്യൻ" എന്നിങ്ങനെവിവിധ നിലകളിൽ അദ്ദേഹം സമാർജ്ജിച്ചിട്ടുള്ള സൽകീർത്തി അന്യാദൃശമാണ്. അദ്ദേഹത്തിന്റെ അടങ്ങാത്ത സ്വാതന്ത്ര്യദാഹവും പരീക്ഷണ സ്വഭാവവും തന്റെ അസാധാരണ പ്രതിഭാശേഷിക്കൊപ്പം ചേർന്നപ്പോൾ കേരള നവോത്ഥാനത്തിനു ലഭിച്ച 'ജ്ഞാനോദയ'മായിരുന്നു 'സുജനാനന്ദിനി' എന്ന പത്രം. ശ്രീബുദ്ധനും ശ്രീനാരായണ ഗുരുവുമൊക്കെ മാനവികതയുടെ മുഖം നൽകി അനുഗ്രഹിച്ച ഭാരതീയ സമൂഹത്തിൽ അർഹമായ സ്ഥാനം പിടിച്ചുപറ്റാൻ ശ്രമിച്ച ഈഴവരുടെയെന്നല്ല കേരളത്തിലെ മുഴുവൻ അവർണ്ണരുടെയുമിടയിലെ ആദ്യത്തെ വർത്തമാനപത്രമായിരുന്നു അത്. കേശവനാശാൻ ആരായിരുന്നുവെന്ന ഇന്നത്തെ തലമുറയുടെ ചോദ്യത്തിനുള്ള ഉത്തരം ആശാന്റെ സതീർത്ഥ്യനും പണ്ഡിതകവിയുമായ അഴകത്ത് പത്മനാഭക്കുറുപ്പ് നൽകുന്നു: "ആശാൻ ഒരു വൈയാകരണനോ, താർക്കികനോ, കവിയോ, പത്രാധിപരോ ആരായിരുന്നു എന്നൊരാൾ ചോദിക്കുന്നതായാൽ എല്ലാറ്റിനും 'ആശാനാ'യിരുന്നു എന്ന് ഒറ്റ വാക്കുകൊ് ഉത്തരം പറയത്തക്കവണ്ണം വേ കോപ്പും ശിഷ്യസമ്പത്തുമുള്ള ആളായിരുന്നു."

## ജനനം, ബാല്യം വിദ്യാഭ്യാസം.

പരവൂരിലെ ആദ്യത്തെ ഭാഷാകവിയായിരുന്ന എഴിയത്ത് കൊച്ചമ്പാളി ആശാന്റെ അനന്തിരവനും പ്രശസ്ത ഭിഷഗ്വരനുമായിരുന്ന എഴിയത്ത് വൈരവൻ വൈദ്യന്റെയും തയ്യിൽ കുഞ്ഞുക്കുറുമ്പയമ്മയുടെയും പുത്രനായി 1034 കുംഭം 17–ാം തീയതി (1859) കൊല്ലം പരവൂരിൽ കേശവൻ ഭൂജാതനായി.

പരമ്പരാഗതമായ ബാലപാഠങ്ങൾ പഠിച്ചതിനുശേഷം കേശവൻ പിതാവിൽനിന്നു തന്നെ ഗുണപാഠം, ഗുണനിദാനം, സഹസ്രയോഗം, ചികിത്സാസംഗ്രഹം മുതലായ ഗ്രന്ഥങ്ങളും ചികിത്സാക്രമവും അഭ്യസിച്ച് ചികിത്സയിൽ വ്യാപരിച്ചു തുടങ്ങി. എന്നാൽ വൈദ്യനും അക്കാലത്തെ ഗവൺമെന്റ് കോൺട്രാക്റ്ററും ധനികനുമായിരുന്നെങ്കിലും വിദ്യയാണ് ഏറ്റവും വലിയ ധനം എന്നു മനസ്സിലാക്കിയ ഉൽക്കർഷേച്ഛുവായ ആ പിതാവ് സ്വന്തം പുത്രന് ഉത്കൃഷ്ടവിദ്യാഭ്യാസം നൽകി ഉത്തമനാക്കാൻ ശ്രമിച്ചു. അതുകൊ് മഹാപണ്ഡിതനായ പരവൂർ കായലഴികത്തു ഗോവിന്ദനാശാന്റെ കീഴിൽ കേശവൻ വിദ്യാഭ്യാസം തുടർന്നു. അവിടത്തെ പഠനത്തിനുശേഷം പ്രസിദ്ധ പണ്ഡിതനും അഴകത്ത് വിദ്വാൻ കുറുപ്പിന്റെ പുത്രനുമായ പുതുക്കാട്ടുമഠത്തിൽ കൃഷ്ണപിള്ള ആശാനിൽ നിന്ന് സംസ്കൃതത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിച്ചു.

കാവ്യങ്ങൾ വായിച്ചുതീർന്നതിനുശേഷം ജ്യോതിശ്ശാസ്ത്രം അഭ്യസിച്ചു തുടങ്ങി. വരാഹഹോര, പ്രശ്നമാർഗ്ഗം, മുഹൂർത്തമാധവീയം മുതലായി ജ്യോതിഷത്തിലെ ഉപരിഗ്രന്ഥങ്ങൾ ഗുരുമുഖത്തു നിന്നും അഭ്യസിച്ചു. ആയുർദായം വരെ ഗണിക്കുകയും 'ഒന്നാംതരം ജോത്സ്യൻ' എന്ന ഖ്യാതി നേടുകയും ചെയ്തു.

ആശാനാകട്ടെ പരിഷ്കൃതാശയനായ പിതാവാകട്ടെ അത്രയും കൊ് തൃപ്തിപ്പെട്ടില്ല. തിരുവനന്തപുരത്തുപോയി ഇലത്തൂർ രാമശാസ്ത്രികളിൽ നിന്ന് നൈഷധവും മേഘസന്ദേശവും നാടകാലങ്കാരങ്ങളും പഠിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖനായിരുന്ന അയ്യാശാസ്ത്രികളെ സകുടുംബം പരവൂരിൽ വരുത്തി താമസിപ്പിച്ച് സിദ്ധാന്തകൗമുദി, വൃത്തരത്നാവലി മുതലായ ശാസ്ത്രഗ്രന്ഥങ്ങളും പഠിച്ചു. അനന്തരം ഗോപാലശാസ്ത്രികളുടെ അടുക്കൽ നിന്ന് അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം മുതലായവയും തർക്കസംഗ്രഹവും പഠിച്ചു. അതുകൂടാതെ അക്കാലത്തെ പ്രമുഖരായ പല ശാസ്ത്രികളിൽ നിന്നും പല ഉപരിഗ്രന്ഥങ്ങളും ആശാൻ പഠിച്ചിരുന്നു. ഇന്ത്യയിൽ ലഭ്യമായ എല്ലാ ആയുർവേദഗ്രന്ഥങ്ങളിലും അവഗാഹം നേടിയശേഷം "അലോപ്പതി ചികിത്സാരീതികളും തത്വങ്ങളും കൂടി അഭ്യസിച്ചു."

(തുടർച്ച ...)

## ആയുർവേദ ഭിഷഗ്വരൻ

തന്റെ അറിവിന്റെയും പ്രായോഗിക പരിചയത്തിന്റെയും വെളിച്ചത്തിലാണ് അദ്ദേഹം ഉത്തമമായ ഒരു ചികിത്സാസമ്പ്രദായം ആരംഭിച്ചത്. പ്രശസ്തനായ ഭിഷഗ്വരൻ എന്ന നിലയിൽ 'കേശവൻ വൈദ്യൻ' തിരുവിതാംകൂറിൽ വിഖ്യാതനായിരുന്നു. 1897–ൽ അദ്ദേഹത്തെ പരവൂരിലെ സർക്കാർ ഗ്രാന്റ് വൈദ്യനായി നിയമിച്ച് അംഗീകാരം നൽകി. 'ആരോഗ്യ സന്ദായിനി' എന്നായിരുന്നു അദ്ദേഹത്തിന്റെ വൈദ്യശാലയുടെ പേര്.

വൈദ്യപാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച കേശവനാശാൻ പ്രശസ്തി നേടിയ ആയുർവേദ ചികിത്സകനും ആയുർവേദത്തിൽ അസാമാന്യവ്യുൽപ്പത്തിയും ചികിത്സാസാമർത്ഥ്യവുമുള്ള ഒരു ഭിഷഗ്വരനുമായിരുന്നു. 'അഗാധമായ ശാസ്ത്രപരിചയ'മുള്ള ആശാൻ ചികിത്സയാരംഭിച്ചപ്പോൾ നാട്ടുവൈദ്യന്മാരെക്കുറിച്ചുള്ള പുച്ഛം നീങ്ങുകയും ബഹുമാനം വർദ്ധിക്കുകയും ചെയ്തു.' ധാര, പിഴിച്ചിൽ, നവരക്കിഴി തുടങ്ങിയ പഞ്ചകർമ്മ ചികിത്സകളും അദ്ദേഹം അതിവിദഗ്ദ്ധമായി നടത്തിയിരുന്നു. പ്രശസ്തനായ ഭിഷഗ്വരൻ എന്ന നിലയിൽ തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം രോഗികൾ ആശാനെത്തേടി പരവൂരിലെത്തിയിരുന്നു. ഉദാരമതിയും കൃപാലുവുമായിരുന്ന ആശാൻ ധനവാനെയും ദരിദ്രനെയും ഒരുപോലെ കരുതിയിരുന്നു. വിനയമായിരുന്നു ആ മഹാന്റെ മുഖമുദ്രയെന്ന കാര്യം പ്രസിദ്ധമാണ്.

ശസ്ത്രക്രിയയിലും ഗജചികിത്സയിലും ആശാൻ നിപുണനായിരുന്നുവെന്നു രേഖകളിൽ കാണുന്നു. ചരകസംഹിത ശസ്ത്ര ഔഷധപ്രയോഗപ്രധാനവും, സുശ്രുത സംഹിത ശസ്ത്രപ്രയോഗപ്രധാനവുമാണല്ലോ. ഈ രു സംഹിതകളിലും അവഗാഹമായ ജ്ഞാനവും 'മാധവ നിദാന'ത്തിനു വ്യാഖ്യാനവും രചിച്ച കേശവനാശാൻ ശസ്ത്രക്രിയയിലും നിപുണനായിരുന്നുവെന്ന അറിവ് അല്പം പോലും അത്ഭുതത്തിന് വക നൽകുന്നില്ല. "രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായി പലരും അദ്ദേഹത്തിന്റെ വൈദ്യശാല സന്ദർശിച്ച് പ്രശംസാപത്രങ്ങൾ നൽകിയിട്ടു്." പ്രശസ്തനായ അദ്ദേഹത്തിന്റെ ചികിത്സാസാമർത്ഥ്യത്തെ ഡോ. പുന്നൻ തുടങ്ങിയ ഭിഷഗ്വരന്മാർ അഭിനന്ദിച്ചിരുന്നു. ആശാനും ഡോ. പുന്നനും തമ്മിലുായിരുന്ന ഗാഢമായ സൗഹൃദം പ്രസിദ്ധമായിരുന്നു.

വൈദ്യവിദ്യാർത്ഥികൾ, പാഠപുസ്തകമായി ഉപയോഗിച്ചുവരുന്ന 'മാധവ നിദാന'ത്തിന്റെ വ്യാഖ്യാനവും 'വൈദ്യസംഗ്രഹം' (വ്യാഖ്യാനസഹിതം) എന്ന ഗ്രന്ഥവും ആശാന്റെ രചനകളാണ്. 'ശാർങധര സംഹിത' ഭൈഷജ്യരത്നാവലി, ഭാവപ്രകാശം തുടങ്ങിയ വൈദ്യഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ പൂർത്തീകരിക്കാൻ മരണം അദ്ദേഹത്തെ അനുവദിച്ചില്ല. ഭാരതം മുഴുവൻ പ്രശസ്തിയാർജ്ജിച്ച ഒരു ഗ്രന്ഥമാണ് പ്രസിദ്ധനായ മാധവാചാര്യന്റെ 'മാധവ നിദാനം.' ഈ ഗ്രന്ഥത്തിന് ആശാൻ രചിച്ച 'സാരചന്ദ്രിക'യെന്ന ഭാഷാവ്യാഖ്യാനം കേശവനാശാൻ എന്ന പണ്ഡിതശ്രേഷ്ഠന്റെ പാണ്ഡിത്യത്തിന് മകുടോദാഹരണമാണ്.

"ഭൂമി തുടങ്ങിയ അഖിലജഗത്തുക്കളെയും സൃഷ്ടിക്കയും രക്ഷിക്കുകയും സംഹരിക്കയും ചെയ്യുന്നവനും, സ്വർഗ്ഗത്തേയും മോക്ഷത്തേയും പ്രാപിക്കുന്നവനും, ഭുവനത്രയത്തിന്റെ ചേതനങ്ങളായും അചേതനങ്ങളായും ഇരിക്കുന്ന അഖിലപദാർത്ഥങ്ങളുടേയും രക്ഷിതാവും ആയ പരമേശ്വരനെ ഏറ്റവും നമസ്കരിച്ചിട്ട് ത്രൈകാലികജ്ഞാനികളായ മഹർഷിമാരുടെ വാക്കുകളേയും പ്രാണമിച്ചും നല്ല വൈദ്യന്മാരുടെ ആജ്ഞയെ അനുസരിച്ചും ഉപദ്രവം, മരണം, ഹേതു, ലിംഗം ഇതുകളോടും രോഗങ്ങളുടെ വിശേഷമായ നിശ്ചയത്തോടും കൂടിയ ഈ ഗ്രന്ഥം സംക്ഷേപമായി ഇപ്പോൾ രചിക്കപ്പെടുന്നു." എന്നിങ്ങനെയാണ് ആ ഗ്രന്ഥം ആരംഭിക്കുന്നത്. മൂലശ്ലോകങ്ങൾ കൊു വിഷയവ്യാപ്തി മതിയാകാത്ത ഭാഗങ്ങളിൽ ചരകൻ, സുശ്രുതൻ മുതലായ പ്രാചീനാചാര്യന്മാരുടെ മതങ്ങൾ കൂടി ഉദ്ധരിച്ച് അർത്ഥവിവരണം ചെയ്തിട്ടു്. അക്കാലത്ത് തിരുവിതാംകൂറിലും കേരളത്തിലും പ്രഗത്ഭരും പ്രശസ്തരുമായ ധാരാളം ആയുർവേദപണ്ഡിതന്മാരുായിട്ടും, ഭാരതമാകെ പ്രസിദ്ധിയാർജ്ജിച്ച ഒരു ഗ്രന്ഥത്തിനു ഭാഷാവ്യാഖ്യാനം രചിക്കാൻ അക്കാലത്തെ പ്രചുരപ്രചാരമുള്ള പ്രസാധകർ തെരഞ്ഞെടുത്തത് 'സാർവത്രികമായി വിദ്വാൻ' എന്നു വിഖ്യാതനായ പരവൂർ കേശവനാശാനെയായിരുന്നുവെന്ന കാര്യം തന്നെ അദ്ദേഹം 'പാണ്ഡിത്യത്തിന്റെ പര്യായമായിരുന്നുവെന്നതിനുള്ള തെളിവാണ്.'

(തുടർച്ച ...)

## അദ്ധ്യാപകവൃത്തി

വൈദ്യശാസ്ത്രത്തിൽ മായാത്ത മുദ്രപതിപ്പിക്കാൻ കഴിഞ്ഞ കേശവനാശാൻ ഒരു മാതൃകാദ്ധ്യാപകൻ കൂടിയായിരുന്നു. ഭാരതീയപാരമ്പര്യമനുസരിച്ചുള്ള പൂർവ്വകാലത്തെ ഗുരുഭക്തിയെയും ശിഷ്യവാത്സല്യത്തെയും അനുസ്മരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിദ്യാലയം. തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്നും വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ പാഠശാലയിലെത്തിയിരുന്നു. അവിടെ സംസ്കൃതത്തിനു പുറമേ വൈദ്യശാസ്ത്രം, ജ്യോതിഷം, വ്യാകരണം, തർക്കശാസ്ത്രം, പഞ്ചാംഗഗണിതം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. തിരുവനന്തപുരം പി. മാധവൻ വൈദ്യൻ, ചിറയിൻകീഴ് കൊച്ചുശങ്കരൻ ജ്യോത്സ്യൻ, രാമൻകുട്ടിജോത്സ്യൻ, പരവൂർ ചെട്ടിക്കഴികത്തു സി. കെ. കേശവൻ വൈദ്യൻ, സി. കെ. നാരായണൻ വൈദ്യൻ തുടങ്ങിയവരൊക്കെ ആശാന്റെ ശിഷ്യന്മാരായിരുന്നു. കേശവനാശാന്റെ പിതാവായ എഴിയത്ത് വൈരവൻ വൈദ്യന്റെ കുടുംബ പരമ്പരയിലെ വൈദ്യന്മാരിലെ അവസാനകണ്ണിയായിരുന്നു കിഴക്കുംകരയിൽ പി. വേലുവൈദ്യൻ. (അദ്ദേഹത്തിന്റെ സീമന്തപുത്രനാണ് മുൻമന്ത്രി സി. വി. പത്മരാജൻ). ആശാന്റെ അഗാധമായ പാണ്ഡിത്യവും പ്രപഞ്ചവിശാലമായ സ്നേഹവുമായിരുന്നു ഇത്രയധികം ശിഷ്യഗണങ്ങളെ അദ്ദേഹത്തിന്റെ സന്നിധിയിലേക്ക് ആകർഷിക്കാൻ കാരണം. സാധുക്കൾക്ക് ആശാൻ ഒരു അഭയകേന്ദ്രമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖനായിരുന്ന മഹാകവി കെ. സി. കേശവപിള്ള തന്റെ സംസ്കൃത ഗുരുവായിരുന്ന ആശാനെക്കുറിച്ച് ഇപ്രകാരം വർണ്ണിച്ചിട്ടുണ്ട്:

> "ചൊല്പൊങ്ങും വൈദ്യശാസ്ത്രം ഗണിതവു-
> മതുപോൽ സാഹിതീതന്ത്രവും കൊ-
> റെപ്പേർക്കും മോദമേകും മമഗുരു
> വിലസീടുന്നു വീ. കേശവാഖ്യൻ."

സ്വന്തം ഗുരുവിന്റെ പാണ്ഡിത്യത്തെക്കുറിച്ച് ഊറ്റം കൊള്ളുന്ന ഒരുത്തമശിഷ്യനെയാണ് മഹാകവിയുടെ ഈ വരികളിലൂടെ നമുക്കു കാണാൻ കഴിയുന്നത്.

## സംസ്കൃത പണ്ഡിതൻ, സാഹിതീ സപര്യ

"അക്കാലത്ത് വൈദ്യശാസ്ത്രത്തിൽ മായാത്ത മുദ്ര പതിപ്പിക്കാൻ കഴിഞ്ഞ ഈഴവസമുദായത്തിൽ നിന്ന് മറ്റു വിജ്ഞാനശാഖകളിലും പണ്ഡിതന്മാർ ഉായിട്ടു്. "സുജനാനന്ദിനി" പത്രാധിപരായിരുന്ന കേശവനാശാൻ, മൂലൂർ എസ്. പത്മനാഭപണിക്കർ എന്നിവർ കേരളത്തിലെ സംസ്കൃതപണ്ഡിതന്മാരുടെ മുൻനിരയിൽ വർത്തിച്ചിരുന്നവരാണ് എന്ന് കേരളചരിത്രം രേഖപ്പെടുത്തുന്നു." പഠിച്ചും പഠിപ്പിച്ചും സംസ്കൃതം അനായാസേന കൈകാര്യം ചെയ്തിരുന്ന പണ്ഡിതനായിരുന്നു പരവൂർ കേശവനാശാൻ. സംസ്കൃതത്തിലും ഭാഷയിലും കവനം ചെയ്യുവാനുള്ള കെല്പ് കേശവനാശാനുായിരുന്നു. അന്ന് കേരളത്തിൽ പ്രചരിച്ചിരുന്ന മിക്കവാറും എല്ലാ മാസികകളിലും ആശാന്റെ കവിതകൾ പ്രത്യക്ഷപ്പെട്ടിട്ടു്. അദ്ദേഹത്തിന്റെ കല്യാണസൗഗന്ധികം അമ്മാനപ്പാട്ടിലെ വന്ദനശ്ലോകങ്ങളിൽ ഒന്നു താഴെ ഉദ്ധരിക്കുന്നു.

> "സാകൂതാലോകചാരുസ്മിത, വിധി ഹൃദയാ-
> നന്ദ സന്ദോഹഗാത്രീ,
> ചഞ്ചദ്ധമ്മില്ലധൂതാഖിലഘനപടലീ
> മുക്തശീതാംശു വക്ത്രാ,
> കാരുണ്യം മേ വിധത്താമതിമധുരസുധാ-
> സാധു സൗവർണ്ണ വാണീ
> വാണീ, ചക്ഷുജ്ജിതൈണീ, ഭൂജതലവിധൃതാം
> ഭോജകീരാക്ഷമാല്യാ."

മൂലൂർ എസ്. പത്മനാഭപണിക്കർ കേശവനാശാന്റെ കവനകലയെ ഇപ്രകാരം പ്രശംസിച്ചിട്ടു്:

> "മാക്കുന്നു ബാണനുടെ ഭാമിനി തോറ്റു തോറ്റു
> കൈകൂപ്പുമാറിഹ ലസിച്ച പെണ്ണേ
> നീ കേട്ടുകൊൾക നിയതം പരവൂരിൽ മേവും
> വി. കേശവാഖ്യകവനം നവനീതമത്രേ."

(തുടർച്ച ...)

പാതാള രാവണവധം ആട്ടക്കഥ, കല്യാണസൗഗന്ധികം അമ്മാനപ്പാട്ട്, പതിവ്രതാധർമ്മം കിളിപ്പാട്ട്, ഭജനകീർത്തനം മുതലായവ അദ്ദേഹത്തിന്റെ ആദ്യകാല കൃതികളാണ്. "കർമ്മനിരതമായിരിക്കണം ജീവിതം" എന്ന ഗുരുവചനം അന്വർത്ഥമാക്കുംവിധമായിരുന്നു ആ മഹാന്റെ പ്രവർത്തനശൈലി. അനേകകർമ്മങ്ങളിൽ ഒരേ സമയം വ്യാപരിക്കേിയിരുന്നതിനാൽ കേവലം കവിതയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാൻ ആശാനു കഴിഞ്ഞില്ല. അതുകൊ് കൈരളിക്ക് ഒരു മഹാകവിയെ നഷ്ടപ്പെട്ടു. "കാവ്യരചനയിൽത്തന്നെ ആശാൻ മുഴുവൻ സമയം ചെലവഴിച്ചിരുന്നെങ്കിൽ കൈരളിക്ക് അനർഘരത്നങ്ങൾ ലഭിക്കുമായിരുന്നു. സംസ്കൃതമായ വാഗർത്ഥങ്ങൾകൊ് സമുല്ലസിതമാണ് അദ്ദേഹത്തിന്റെ ഓരോ വരിയും." 'രാജകുമാരസംഭവം' എന്ന ഒരു മഹാകാവ്യനിർമ്മാണത്തിലാണ് ആശാൻ അവസാനമായി ഏർപ്പെട്ടിരുന്നത്. അദ്ദേഹം ഭാഷാനിഘു എഴുതി പൂർത്തിയാക്കിയെങ്കിലും പ്രസിദ്ധീകരിക്കാനായില്ല. നിഘു എന്നു കേൾക്കുമ്പോൾ മലയാളിയുടെ മനസ്സിൽ ആദ്യം വരിക മഹാനായ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ളയുടെ 'ശബ്ദതാരാവലി' എന്ന പേരാണ്. ആ മഹാനും കേശവനാശാനും തമ്മിലുായിരുന്ന ഗാഢമായ സ്നേഹബന്ധത്തിന്റെ തെളിവാണ് 'കവിതാവിലാസിനി'യിൽ വന്ന ശ്രീകണ്ഠേശ്വരത്തിന്റെ നാലുവരി കവിത.

"ഒട്ടേറെക്കാലമായ് നാമിരുപെരുമൊരുമിച്ചെന്നുകപ്പോഴെ
വേർപിട്ടിട്ടിന്നേവരെ സ്നേഹിതനു ബഹുസുഖംതന്നയോ
മാന്യമൗലേ തട്ടിഘോഷിച്ചു പത്രങ്ങളിലനുദിനവും പദ്യജാലം
പൊഴിക്കും മട്ടങ്ങേടോർത്തു പൊട്ടുന്നകമതിലതുലാഹ്ലാദ സ്നേഹഭാരം"

ആ പണ്ഡിതസുഹൃത്തുക്കൾ തമ്മിലുായിരുന്ന സ്നേഹബന്ധം എത്ര സമ്മോഹനം !!

## പത്രപ്രവർത്തനം

പരവൂരിലെയും കൊല്ലത്തിലെയും ആദ്യത്തെ പത്രാധിപരായിരുന്നു കേശവനാശാൻ. കേരളത്തിൽ, പ്രത്യേകിച്ചും തിരുവിതാംകൂറിൽ അന്നു നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥിതിയാണ് കേശവനാശാനെ പത്രപ്രവർത്തനത്തിലേക്ക് തിരിച്ചത്. പത്രം സാമൂഹ്യസേവനത്തിനുള്ള ഒരുപാധിയായിട്ടാണ് ആശാൻ കത്. ജാതിവ്യവസ്ഥയുടെ നീരാളി പിടുത്തത്തിൽ നിന്നു സ്വന്തം സമുദായത്തെ ഉയർത്തിക്കൊു വരുന്നതിനു വേി അഹോരാത്രം പ്രയത്നിച്ച ഒരു മനുഷ്യസ്നേഹിയായിരുന്നു കേശവനാശാൻ. അദ്ദേഹത്തിന്റെ പിതാവായ വൈരവൻ വൈദ്യൻ ഒരു "ധനാഢ്യനും അവിടത്തെ ഈഴവസമുദായത്തിന്റെ നേതാവുമായിരുന്നുവെന്ന്" മഹാകവി ഉള്ളൂർ രേഖപ്പെടുത്തിയിട്ടു്. സമൂഹത്തിൽ സ്വന്തം സമുദായക്കാരുടെ ആചാരാനുഷ്ഠാനങ്ങൾക്കു കോട്ടം തട്ടാതിരിക്കാനും അവരുടെ അഭിമാനം കാക്കാനും വേി വൈരവൻ വൈദ്യൻ ആനയെ വാങ്ങി നിർത്തിയിരുന്നുവെന്ന് കേട്ടിട്ടു്. പക്ഷെ വിശാലഹൃദയനായ ആ മനുഷ്യൻ സ്വന്തം സമുദായക്കാർക്കുവേി മാത്രമല്ല സവർണ്ണരുടെ വിവാഹാവശ്യങ്ങൾക്കു വേിയും സന്തോഷപൂർവ്വം ആനയെ നൽകിയിരുന്നുതാനും. പക്ഷെ അതുകൊൊന്നും അവർണ്ണന്റെ അടിമത്തം അവസാനിക്കില്ലല്ലോ. അടിമയായി ജീവിക്കുന്നത് ഒരു മനുഷ്യന്റെ ശാപമാണ്. അനീതിയോടും തിന്മയോടും വിട്ടുവീഴ്ച ചെയ്യുന്നതാവട്ടെ, കടുത്ത അപരാധവും. ആ തെറ്റുതിരുത്താനുള്ള ഒരുപാധിയായി ആ പിതാവിന്റെ പണ്ഡിതശ്രേഷ്ഠനായ പുത്രൻ തെരഞ്ഞെടുത്തത് പത്രപ്രവർത്തനമായിരുന്നു. നിരന്തരമായ സ്വാധ്യായം കൊും ഉജ്ജ്വലമായ ചിന്തകൊും നേടിയ വിജ്ഞാനത്തിനു പ്രയോഗികരൂപം നൽകുകയാണ് വാസ്തവത്തിൽ 'സുജനാനന്ദിനി' എന്ന പത്രത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ കേശവനാശാൻ ചെയ്തത്.

1890–ൽ പ്രതിഭാശാലിയായ കത്തിൽ വറുഗീസ് മാപ്പിള 'മലയാള മനോരമ' പത്രം പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. മനോരമയുടെ ആവിർഭാവം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ധനാഢ്യനും വിശാലഹൃദയനുമായ പിതാവിന്റെ സഹകരണത്തോടുകൂടി കൊ. വ. 1066–ൽ (1891) ആണ് 'കേരളഭൂഷണം കമ്പനി' എന്ന പേരിൽ തന്റെ മുപ്പത്തിരാമത്തെ വയസ്സിൽ ഒരു കൂട്ടുവ്യാപാരകമ്പനി ആശാൻ ഏർപ്പെടുത്തിയതെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ടി. കെ. നാരായണൻ രേഖപ്പെടുത്തിയിട്ടു്. ശ്രീ നാരായണ ഗുരുവിന്റെ രംഗപ്രവേശവും 1888–ലെ അരുവിക്കര പ്രതിഷ്ഠയും ആശാന് കൂടുതൽ ഊർജ്ജവും ഉത്തേജനവും നൽകി. ഒരു മുദ്രണാലയം സ്ഥാപിച്ചു നടത്തുക, പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുക, വർത്തമാനപത്രം നടത്തുക ഇവയായിരുന്നു കമ്പനിയുടെ ഉദ്ദേശ്യങ്ങൾ. 1892 ജനുവരിയിൽ ആ കമ്പനിവകയായി 'സുജനാനന്ദിനി' എന്ന പേരിൽ ഒരു വൃത്താന്തപത്രം ആരംഭിച്ചു. കേശവനാശാൻ തന്നെയായിരുന്നു അതിന്റെ പത്രാധിപർ. പാശ്ചാത്യമിഷനറിമാരുടെ ഹിന്ദുമത ഖണ്ഡനങ്ങളെ ഖണ്ഡിക്കുന്നതിനുവേി രാജാറാം

(തുടർച്ച ...)

മോഹൻറോയ് 'ബ്രാഹ്മനിക്കൽ മാഗസിൻ' ആരംഭിച്ചതുപോലെ മൃഗതുല്യരായിക്കഴിഞ്ഞിരുന്ന 'അധഃകൃതർ'ക്കെതിരെ സവർണ്ണർ നടത്തിയ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ ശബ്ദിക്കാൻ വേയാണ് പ്രധാനമായും കേശവനാശാൻ 'സുജനാനന്ദിനി' ആരംഭിച്ചത്. പരവൂരിൽ നിന്നും പിന്നീട് കൊല്ലത്തുനിന്നുമാണ് പത്രം പുറപ്പെടുവിച്ചത്. കേരളത്തിലെ ഈഴവരുടെയെന്നല്ല, അവശസമുദായത്തിൽപ്പെട്ടവരുടെ പത്രാധിപത്യത്തിൽ ആദ്യമായി ആരംഭിച്ച പത്രമായിരുന്നു 'സുജനാനന്ദിനി.'

നേരത്തെ സൂചിപ്പിച്ചതുപോലെ പത്രം സാമൂഹ്യസേവനത്തിനുള്ള ഒരുപാധിയായിട്ടാണ് ആശാൻ കത്. വെറും അറിവ് ശക്തിയല്ലെന്നും അതൊരു സാദ്ധ്യത മാത്രമാണെന്നും പണ്ഡിതനായ അദ്ദേഹം മനസ്സിലാക്കിയിരുന്നു. എല്ലാ അറിവിന്റെയും ലക്ഷ്യമായി തീരേത് ഗുണപൂർണ്ണങ്ങളായ കർമ്മമായിരിക്കണമെന്നും 'സുജനാനന്ദിനി'യിലൂടെ അദ്ദേഹം തെളിയിക്കുകയായിരുന്നു. 'സുജനാനന്ദിനി'യെന്നാൽ സജ്ജനപുത്രിയെന്നർത്ഥം. എത്ര അർത്ഥവത്തായ നാമം! മതത്തെ അതിന്റെ ഫലം കൊന്നെ പോലെ മനുഷ്യനെ അവന്റെ വാക്കുകൊറിയാമെന്ന ബൈബിൾ വചനം ഇവിടെ സാധൂകരിക്കപ്പെടുന്നു. സാമൂഹികമായും സാംസ്ക്കാരികമായും സജ്ജനങ്ങളായിരുന്ന ഒരു ഉദ്ബുദ്ധജനസമൂഹത്തെ മിഃപ്രാണികളായ ഒരടിമക്കൂട്ടമാക്കി മാറ്റിയത് സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുായ ബോധപൂർവ്വമായ തകിടം മറിച്ചിലുകളിലൂടെയായിരുന്നുവെന്ന ചരിത്രസത്യം ആ ധീമാന് അറിയാമായിരുന്നു. നൂറുശതമാനം സംവരണം സഹസ്രാബ്ദങ്ങളോളം എല്ലാ മേഖലകളിലും "ഭരണം മുതൽ പീഡിപ്പിക്കൽ വരെ" അനുഭവിച്ചിരുന്ന ഒരു സവർണ്ണസമൂഹത്തിന്റെ അഹന്തയും അക്രമവും ഏറ്റുവാങ്ങിയിരുന്ന സ്വന്തം സമുദായമുൾപ്പെടെയുള്ള അവശസമുദായങ്ങളുടെ നവോത്ഥാനത്തിനു ശംഖൊലി മുഴക്കിയ പാഞ്ചജന്യമായിരുന്നു സുജനാനന്ദിനി. എസ്.എൻ.ഡി.പി. യോഗത്തിന്റെ സ്ഥാപനത്തിനും (1903), അതിന്റെ മുഖപത്രമായ 'വിവേകോദ'യത്തിന്റെ (1904) ആരംഭത്തിനും ഒരു പതിറ്റ് മുമ്പ്, കേരളമെന്ന ഭ്രാന്താലയത്തിനെതിരെയാണ് സുജനാനന്ദിനിയിലൂടെ ആശാൻ ധർമ്മയുദ്ധം ആരംഭിച്ചതെന്ന വസ്തുത അദ്ദേഹത്തന്റെ മൗലികപ്രതിഭക്കു ഉത്തമോദാഹരണമാണ്.

വിദ്വാനെങ്കിലും വിനയാന്വിതനായ, ധനികപുത്രനെങ്കിലും ധർമ്മിഷ്ഠനായ, നിസ്വാർത്ഥനെങ്കിലും നിർഭയനായ ഒരു പത്രാധിപരുടെ ജനനമായിരുന്നു സുജനാനന്ദിനിയിലൂടെ മലയാളനാട് ദർശിച്ചത്. ജാതിജന്യങ്ങളായ ഉച്ചനീചത്വങ്ങൾ ഭാരതത്തെ അധഃപതനത്തിന്റെ അടിത്തട്ടിലെത്തിച്ച പത്തൊമ്പതാം നൂറ്റാിന്റെ മദ്ധ്യകാലത്തായിരുന്നല്ലോ കേശവനാശാന്റെ ജനനം. തിരുവിതാംകൂറിലെ അന്നത്തെ ആചാരങ്ങളും കീഴ്വഴക്കങ്ങളും 'സാധ്യമാകുന്നിടത്തോളം ഏറ്റവും കൂടുതൽ സന്തുഷ്ടി ഏറ്റവും കൂടുതൽ ആളുകൾക്കു നൽകുക' എന്ന ബന്തമിന്റെ സിദ്ധാന്തത്തിനു കടകവിരുദ്ധമായിരുന്നു. സവർണ്ണരായ സ്വന്തം ഭരണാധികാരികളുടെ ക്രൂരതകൾക്കും പീഡനങ്ങൾക്കും മനുഷ്യാവകാശധ്വംസനങ്ങൾക്കും ഇരയായി ശപിക്കപ്പെട്ട ജീവിതം നയിച്ചിരുന്ന ഭൂരിപക്ഷം വരുന്ന ജനവിഭാഗമായിരുന്നു ഇവിടുത്തെ അവർണ്ണർ അഥവാ അയിത്തജാതിക്കാർ. ഈഴവർ മുതൽ താഴോട്ടുള്ള ജാതിക്കാരെയാണ് അയിത്ത (അശുദ്ധ) ജാതിക്കാരായി കണക്കാക്കിയിരുന്നത്. സ്പർശം മാത്രമല്ല ദർശനം പോലും അയിത്തത്തിനു കാരണമായിരുന്നു. അതുകൊാണ് –

'നരനു നരനശുദ്ധവസ്തുപോലും
ധരയിൽ നടപ്പതു തീലാണു പോലും
നരകമിവിടമാണു ഹന്ത കഷ്ടം !
ഹര! ഹര! ഇങ്ങനെവല്ല നാടുമുോ?' എന്ന് മഹാകവി കുമാരനാശാൻ വിലപിച്ചത്.

ഈഴവരുടെ മാത്രമല്ല, അയിത്തജാതിക്കാരുടെ അവശതകൾക്കു പരിഹാരം നേടുവാൻ സ്വന്തമായി ഒരു പത്രം ഉായിരിക്കുന്നതു നല്ലതാണെന്നു കേശവനാശാൻ മനസ്സിലാക്കി. ഇപ്രകാരം തുടങ്ങിയതാണ് സുജനാനന്ദിനി പത്രം. ഈഴവ സമുദായത്തിനു സുജനാനന്ദിനി അഭൂതപൂർവ്വമായ ഒരനുഗ്രഹവിശേഷം തന്നെയായിരുന്നു.

കേശവനാശാന്റെ സ്വതന്ത്രവും ധീരവുമായ പത്രപ്രവർത്തനം അവശജനോദ്ധാരണത്തിനും രാജ്യക്ഷേമത്തിനും ഭാഷാഭിവൃദ്ധിക്കും അങ്ങേയറ്റം സഹായകരമായിരുന്നു. തിരുവിതാംകൂറിലെ ഈഴവസമുദായത്തിൽ ക്രമേണ ഉയർന്നുവന്ന സ്വാതന്ത്ര്യബോധത്തിനും പരിഷ്ക്കാരോദ്യമത്തിനുമെല്ലാം ആക്കം കൂട്ടിയത് കേശവനാശാന്റെ പത്രപ്രവർത്തനമാണ്. അവർണ്ണരുടെ ഉദ്യോഗലബ്ധി, സ്കൂൾപ്രവേശനം എന്നിവയ്ക്കുവേിയും ഉദ്യോഗസ്ഥന്മാരുടെ അഴിമതിക്കും എതിരെ പത്രം ശക്തിയുക്തം പൊരുതി. "സ്വരത്തിൽ മൃദുലമെങ്കിലും സാരാംശത്തിൽ ശക്തിമത്തായിരുന്നു ആശാന്റെ ശൈലി." ബഹുജനക്ഷേമത്തെ മുൻനിർത്തിയും നീതിക്കുവേിയും സുജനാനന്ദിനി പ്രവർത്തിച്ചിരുന്നതു നിമിത്തം ഭരണാധികാരികളുടെയിടയിലും അതിനു വളരെ മാന്യമായ ഒരു സ്ഥാനം ലഭിച്ചിരുന്നു.

(തുടർച്ച ...)

പത്രപ്രവർത്തനം കേശവനാശാന് ഒരു മിഷൻ തന്നെയായിരുന്നു. പത്രപ്രവർത്തനത്തിന്റെ ലക്ഷ്യ ങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ഉത്തമബോധം ഉായിരുന്നു. ഒരു പത്രത്തിന്റെ മുഖ്യമായ ലക്ഷ്യം വാർത്താവിതരണം (to inform) തന്നെയെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 'പഠിപ്പിക്കൽ' (to educate) എന്ന രാമത്തെ ലക്ഷ്യത്തിനു വളരെയധികം പ്രസക്തിയുായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതിന് അദ്ദേഹം സമുദായ പരിഷ്കരണം മുഖ്യവിഷയമായി തെരഞ്ഞെടുക്കുകയാണ് ചെയ്തത്. അന്ന് കേരളത്തിലെ അഭ്യസ്തവിദ്യരിൽ ഭൂരിഭാഗവും രസിച്ചിരുന്നത് കവിത രചിച്ചും വായിച്ചുമാണ്. കവികളുടെയും കലാകാരന്മാരുടെയും ഒരുത്തമബന്ധുവായിരുന്നു സുജനാനന്ദിനി. വായനക്കാരെ രസിപ്പിക്കുക (to entertain) എന്ന മൂന്നാമത്തെ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരവും അദ്ദേഹത്തിന്റെ പത്രത്തിലെ സാഹിത്യപംക്തിയിലൂടെ സാധിതമായിരുന്നു.

## ഉപപത്രം

ഭാഷാകവിതയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച്, 'കവിതാവിലാസിനി' സുജനാനന്ദിന്യൂപപത്രം' എന്ന പേരിൽ ഒരു ഉപപത്രം ഓരോ ലക്കത്തോടും കൂടി പ്രത്യേകമായി പ്രസിദ്ധീകരിച്ചിരുന്നു. അതിൽ മലയാള മനോരമയിലെപ്പോലെ സമസ്യാപൂരണവും ചേർത്തിരുന്നു. സവർണ്ണ–അവർണ്ണഭേദമില്ലാതെ അക്കാലത്തെ എല്ലാ കവികളുടെയും കവിതകൾ അതിൽ നിറഞ്ഞിരുന്നു. യുവകവികളുടെ ലിഖിതങ്ങൾ തിരുത്തുന്നതിനു 'കൊട്ടാരം ശങ്കുണ്ണിയെ'പ്പോലെതന്നെ കേശവനാശാനും പ്രാഗത്ഭ്യമുായിരുന്നു. സാഹിത്യത്തിൽ ശങ്കുണ്ണി പുലർത്തിയിരുന്ന അയിത്തം കേശവനാശാനില്ലായിരുന്നുവെന്നുമാത്രം. കവിതാവിലാസിനിയിൽ ചില വാദപ്രതിവാദങ്ങൾക്കും സ്ഥലമനുവദിച്ചിരുന്നു. അവയിൽ വളരെ രസകരമായിരുന്നത് സരസകവിയും പ്രശസ്ത സംസ്കൃതപണ്ഡിതനുമായിരുന്ന മൂലൂർ എസ്. പത്മനാഭപണിക്കരും സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയും തമ്മിലുായ പണിക്കൻ – പണിക്കർ വാദമാണ്. അതിന്റെ ചരിത്രം രസാവഹമാണ്. മൂലൂർ എസ്. പത്മനാഭപണിക്കർ ആദ്യകാലത്ത് കവിതയെഴുതിയിരുന്നത് 'പത്മനാഭ ശൗണ്ഡികൻ' എന്ന പേരിലായിരുന്നു. ശൗണ്ഡികൻ എന്നാൽ ഈഴവൻ എന്നർത്ഥം. ജാതിസ്പർദ്ധയെ പ്രതീകാത്മകമായി പരിഹസിച്ചു കൊായിരിക്കണം കവി ഈ പേര് സ്വീകരിച്ചത്. കുറേനാൾ കഴിഞ്ഞപ്പോൾ തന്റെ കുടുംബപ്പേരായ 'പണിക്കൻ' എന്നത് സ്വനാമത്തോട് ചേർത്ത് പത്മനാഭ പണിക്കൻ എന്നാക്കി. ഏറെക്കഴിയും മുൻപ് അത് 'പത്മനാഭപണിക്കർ' എന്നു മാറ്റി. ഈ 'പണിക്കർ' പ്രയോഗത്തെ പരാമർശിച്ചുകൊ് സി. എസ്. സുബ്രഹ്മണ്യൻ പോറ്റി സുജനാനന്ദിനിയിൽ ഇങ്ങനെഎഴുതി:

"പണിക്കനെയൊന്നു പരിഷ്ക്കരിച്ചാൽ
പണിക്കരാമെന്നു നിനച്ചിടേ
നിനയ്ക്കെടോ കാക്ക കുളിച്ചു നന്നായ്
മിനുക്കിയാൽ ഹംസമാകുമെന്നോ?"

സരസനായ മൂലൂർ ഇങ്ങനെമറുപടി കൊടുത്തു:

"ഭീഷ്മൻ ഭീഷ്മരുമാം കൃപൻ കൃപരുമാം
ദ്രോണൻ തഥാ ദ്രോണരാം
വൈദ്യൻ വൈദ്യരുമാം വരൻ വരരുമാം
ഹോ വാരിയൻ വാര്യരാം
ചാന്നാർ നായർ പണിക്കരയ്യരതു
പോലാചാര്യരെന്നൊക്കെയും
ചൊന്നീടാമതു ഹേ, മഹാരസിക,
താനോർക്കാതിരിക്കുന്നുവോ?"

ഇതും പ്രസിദ്ധീകരിച്ചതു സുജനാനന്ദിനിയിലാണ്. ഇത്തരം സാഹിത്യവാദങ്ങൾ പു പതിവായിരുന്നു.

അക്കാലത്താണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കവിഭാരതം' രചിച്ചത്. അതിൽ ഈഴവരാദി പിന്നോക്ക ജാതികളിൽപ്പെട്ട ആരെയും കുറിച്ച് പരാമർശം ഉായിരുന്നില്ല. മൂർക്കോത്തു കുമാരൻ പറഞ്ഞതുപോലെ ബലഭദ്രന് മദ്യം പകർന്നു കൊടുക്കുവാൻ പോലും ഒരാളെ ചേർത്തില്ല. ഇതിന് ബദലായി മൂലൂർ രചിച്ചതാണ് 'കവി രാമായണം'. അതിൽ കേരളത്തിലെ കവികളെ മുഴുവൻ രാമായണകഥാപാത്രങ്ങളായി അവതരിപ്പിച്ചപ്പോൾ കേശവനാശാന് ഭരതന്റെ സ്ഥാനമാണ് നൽകിയത്.

കവികളുടെയും സമുദായനേതാക്കന്മാരുടെയും ഒരുത്തമബന്ധുവായിരുന്നു സുജനാനന്ദിനി. മഹാകവി കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, സാഹിത്യസവ്യസാചിയായ സി.വി. കുഞ്ഞുരാമൻ, ബ്രഹ്മവിദ്യാവിഭൂഷണൻ പുതുപ്പള്ളിൽ പി. കെ. പണിക്കർ, ആശാന്റെ പ്രമുഖശിഷ്യനായ മഹാ

(തുടർച്ച ...)

കവി കെ. സി. കേശവപിള്ള, അഴകത്തു പത്മനാഭക്കുറുപ്പ്, പുതുക്കാട്ടു മഠത്തിൽ കൃഷ്ണപിള്ള, തോട്ടത്തിൽ കേശവൻ വൈദ്യൻ തുടങ്ങി അക്കാലത്തു ജീവിച്ചിരുന്ന സാഹിത്യകാരന്മാരെല്ലാം സുജനാനന്ദിനിയിൽ രചന നടത്തിയിരുന്നവരാണ്. ഭരണവർഗ്ഗത്തിനുപോലും അവഗണിക്കാനാകാത്ത ശക്തിയായി സുജനാനന്ദിനി മാറിക്കഴിഞ്ഞിരുന്നു. സമുദായാംഗങ്ങളുടെയിടയിൽ ആത്മവിശ്വാസത്തിന്റെയും അവകാശബോധത്തിന്റെയും ആദ്യരശ്മികൾ പതിച്ചു തുടങ്ങി. ഈ സമയത്താണ് തിരുവിതാംകൂറിൽ 1905–ലെ നായരീഴവ ലഹള നടന്നത്.

## നായരീഴവ ലഹള

ഈഴവരുടെയിടയിൽ അഭിമാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും അലകൾ അടിച്ചുയർന്നു കഴിഞ്ഞിരുന്നു. മേൽജാതിയിലെ സ്ത്രീകളെപ്പോലെ ഈഴവസ്ത്രീകളും മേൽ വസ്ത്രം ധരിച്ചു. അന്നോളം നിലനിന്നിരുന്ന അടിമത്വപരമായ ആചാരങ്ങളെ മിതസ്വരത്തിൽ നിഷേധിച്ചു. യാഥാസ്ഥിതികരായ സവർണ്ണർക്കതിഷ്ടപ്പെട്ടില്ല. 1905–ൽ സ്ഥലത്തെ നായർ പ്രമാണികൾ എതിർത്തിട്ടും ഈഴവക്കുട്ടികളെ ഗവൺമെന്റുസ്കൂളിൽ ചേർത്ത ഹരിപ്പാട്ടായിരുന്നു ലഹളവർദ്ധിച്ച തോതിൽ നടന്നത്. കൊല്ലത്തും സമീപപ്രദേശത്തും പ്രത്യേകിച്ച് പരവൂരിലും ലഹള വലിയ തോതിലായിരുന്നു. പക്ഷേ 'വിദ്യാലയ പ്രവേശനം' എന്ന ന്യായമായ അവകാശത്തിൽ സമുദായം ഉറച്ചു നിന്നു. ലഹള പെട്ടെന്നൊന്നും കെട്ടടങ്ങിയില്ല. പരവൂരിലെ ഗവൺമെന്റ് മണിയംകുളം വിദ്യാലയത്തിൽ സവർണ്ണരുടെ എതിർപ്പ് വകവെക്കാതെ ഈഴവക്കുട്ടികളെ പ്രവേശിപ്പിച്ചതിന്റെ പേരിൽ സ്കൂൾ തീവെച്ചു. നായരീഴവലഹള സ്വൈരജീവിതം കെടുത്തിയിട്ടും സർക്കാർ, ലഹളക്കാർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല.

## വിമർശനം

സധൈര്യം സത്യം പറഞ്ഞിരുന്ന പത്രാധിപരായിരുന്നു കേശവനാശാൻ. വിദ്യാലയ പ്രവേശനത്തിന് ക്ഷേത്ര പ്രവേശനത്തെക്കാൾ പ്രാധാന്യം നൽകിയ കേശവനാശാൻ സുജനാനന്ദിനിയിലൂടെ "ബ്രിട്ടീഷ് ഗവൺമെന്റ് ഇടപെടണമെന്നു കാണിച്ചു കൊും ലഹളക്കാർ കാട്ടിക്കൂട്ടുന്ന ക്രൂരതകളെ നിശിതമായി അപലപിച്ചും എഴുതി. ബ്രിട്ടീഷ് ഗവൺമെന്റിനോടും കൊച്ചി, മൈസൂർ രാജാക്കന്മാരോടും കുടിയേറിപ്പാർക്കാൻ സൗകര്യങ്ങൾ ആവശ്യപ്പെടാനും ക്രിസ്തുമതത്തിലേക്കോ മുഹമ്മതുമതത്തിലേക്കോ മതം മാറാനും ഈഴവർ കാര്യമായിത്തന്നെ ആലോചിക്കേതാണെന്നും" എഴുതി.

ക്ഷേത്രപ്രവേശനപ്രക്ഷോഭണകാലത്തും മതം മാറ്റം പല പ്രമുഖ സമുദായനേതാക്കന്മാരും സജീവ ചർച്ചാവിഷയമാക്കിയിരുന്നു. പക്ഷെ സൂക്ഷ്മബുദ്ധിയായ സർ സി. പി. രാമസ്വാമി അയ്യർ അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും ഹിന്ദുമതത്തിനുാകാനിടയുള്ള ശക്തിക്ഷയവും മനസ്സിലാക്കി, എത്രയും വേഗം എല്ലാ ഹിന്ദുക്കൾക്കും സർക്കാർ ക്ഷേത്രങ്ങളിൽ പ്രവേശനം നൽകണമെന്ന സുചിന്തിതമായ ഉപദേശം ചിത്തിരതിരുനാൾ മഹാരാജവിനു നൽകുകയാണു ചെയ്തത്.

പ്രജകളിൽ ഒരു വിഭാഗത്തോടു മാത്രം അടുത്ത ബന്ധം പുലർത്തുകയും മറ്റുള്ളവരിൽ നിന്ന് അകന്നുനിൽക്കുകയും ചെയ്യുക എന്നത് മനഃശാസ്ത്രപരമായ നഗ്നാധികാരമാണെന്ന് ബർട്രാൻഡ് റസ്സൽ പറഞ്ഞിട്ടു്. അങ്ങനെയുള്ള അധികാരം പേറിയിരുന്ന നാടുവഴികളിൽ നിന്നു നിസ്സഹായരായ ഒരു ജനസമൂഹം എന്തു സംരക്ഷണമാണ് പ്രതീക്ഷിക്കേത്. അതു കൊാണ് കേശവനാശാൻ മറ്റു പോംവഴിയില്ലാതെ ബ്രിട്ടീഷ് റസിഡിനോട് നേരിട്ട് സഹായം അഭ്യർത്ഥിച്ചത്. ആത്മസുഖത്തെയാണ് ലോകം 'മത'മെന്നു വിളിക്കുന്നത്. അതിലെ അംഗങ്ങൾക്കുപോലും അതു നൽകാത്ത ആ 'മത'മെങ്ങനെആ വാക്കിനർഹമാകും. അതുകൊാണ് ആത്മവേദനയോടെയാണെങ്കിലും, കേശവനാശാൻ മതം മാറ്റത്തെക്കുറിച്ച് ആലോചിക്കാൻ നിർബന്ധിതനായത്.

## തീവെയ്പ്

സുജനാനന്ദിനിയുടെ നിശിത വിമർശനങ്ങൾ ലഹളക്കാരെ രോഷാകുലരാക്കി. ഒരർദ്ധരാത്രിയിൽ പരവൂരിലുള്ള കേശവനാശാന്റെ 'കേരള ഭൂഷണം' പ്രസ്സും 'സുജനാനന്ദിനി' പത്രമാഫീസും ഏതോ കുബുദ്ധികൾ തീവെച്ചു. അതോടുകൂടി പത്രം നിലച്ചുപോയി. അക്ഷരങ്ങളായി രൂപാന്തരം പ്രാപിച്ച ഒരു മഹാശയന്റെ നവോത്ഥാനചിന്തകൾ അങ്ങനെ അഗ്നിക്കിരയായി. അത് ഒരു നാടിന്റെ സാംസ്കാരിക ദുരന്തമായിരുന്നു. ഒരു നൂറ്റാിനുമുമ്പ് നടന്ന ദൗർഭാഗ്യകരായ ഈ സംഭവം നാടിനു മാത്രമല്ല കേരളത്തിലെ നവോത്ഥാനപ്രസ്ഥാനത്തിനും ഏറ്റ കടുത്ത ആഘാതമായിരുന്നു. 'മദ്ധ്യാഹ്ന സൂര്യനെപ്പോലെ ജ്വലിച്ചു നിന്ന സമയത്താണ് ദുഷ്ടബുദ്ധികൾ അത് തീവെച്ചു നശിപ്പിച്ചത്'. ജാത്യാന്ധ

(തുടർച്ച ...)

തനിറഞ്ഞ നാട്ടിന് നാട്ടുവെളിച്ചം പകർന്ന സുജനാനന്ദിനി അങ്ങനെഅഗ്നിപരീക്ഷണത്തിനിരയായി. ഈ തീവെയ്പിനെ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് മഹാകവി കുമാരനാശാൻ 'ഉദ്ബോധനം' എന്ന സ്വാതന്ത്ര്യഗീതം രചിച്ചത്.

"മുറിവേൽപ്പിക്കും ധൂർത്തർ
പത്രം ചുട്ടുകരിക്കിലും
മുഷ്കിന്നു കീഴടങ്ങാതെ
മരിപ്പോളം തടുക്കുവിൻ."

കേശവനാശാന്റെ തൂലികയുടെ കരുത്ത് ദിവാൻ വി. പി. മാധവറാവുവിനെ കേശവനാശാനരികിലെത്തിച്ചു. സുജനാനന്ദിനി പത്രാധിപരുമായും നിരവധി ഈഴവ പ്രതിനിധി സംഘങ്ങളുമായും കൊല്ലത്തുവച്ചു ചർച്ചകൾ നടത്തി. സമാധാനം പുനഃസ്ഥാപിക്കുന്നതിനുവേി ഒരു നായരീഴവ മഹാസമ്മേളനം വിളിച്ചുകൂട്ടുന്നതിന് ദിവാൻ മാധവറാവുവിന്റെ സാന്നിദ്ധ്യം വഴിയൊരുക്കി. കൊല്ലം മലയാളി മന്ദിരത്തിൽ വെച്ച് കാവാലം നീലകണ്ഠപിള്ളയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം വിളിച്ചുകൂട്ടി. ഇരുപക്ഷത്തുനിന്നും പതിനഞ്ചോളം പേർ പ്രസംഗിച്ചു. അവരിൽ ആറുപേർ ഈഴവരായിരുന്നു. അതിൽ സി. വി. കുഞ്ഞുരാമന്റെ പ്രസംഗം ചരിത്രപ്രധാനമാണ്. സമുദായസൗഹൃദം രാജ്യനന്മയ്ക്ക് അത്യന്താപേക്ഷിതമാണെന്നു സ്ഥാപിച്ചുകൊും നായന്മാരുടെയും ഈഴവരുടെയും കടുംകൈകളെ അപലപിച്ചുകൊും ഉള്ള ഒരു പ്രസംഗമായിരുന്നു അത്. രാജ്യമൊട്ടുക്ക് ആ പ്രസംഗം വലിയ ഒച്ചപ്പാടുാക്കി. ആർക്കും അതിലെ ആശയങ്ങളെ ഏതിർക്കുവാൻ സാദ്ധ്യമായില്ല. ഈഴവരുടെ സ്കൂൾ പ്രവേശനത്തിനു നായന്മാർ പ്രതിബന്ധമുാക്കരുതെന്ന ഹൃദയംഗമമായ അഭ്യർത്ഥനയും ഉപദേശവും നായന്മാരിൽ നിന്നെല്ലാം ഉായി. 'നായരീഴവ മൈത്രി' എന്ന ആശയം ഉടലെടുക്കുന്നതുതന്നെ സി.വി.യുടെ ആ പ്രസംഗത്തിൽ നിന്നാണ്.

സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗവൺമെന്റ് കല്പനയനുസരിച്ച് മിക്കവാറും എല്ലാ സ്കൂളുകളും ഈഴവർക്കു മാത്രമല്ല എല്ലാ ജാതിക്കാർക്കുമായി തുറന്നുകൊടുത്തു. ചരിത്രം സൃഷ്ടിച്ച ഈ മാറ്റത്തിനു പിന്നിൽ പ്രവർത്തിച്ചവരിൽ പ്രമുഖൻ പരവൂർ വി. കേശവനാശാനായിരുന്നു. അഗ്നിപരീക്ഷണം കഴിഞ്ഞ് സുജനാനന്ദിനി വീും പ്രസിദ്ധീകരണം തുടങ്ങിയെങ്കിലും 1907-ൽ പാടെ നിലച്ചുപോയി. സുജനാനന്ദിനിയുടെ നിഷഠൂരമായ അന്ത്യം സി. വി. കുഞ്ഞുരാമനെ ഏറെ വേദനിപ്പിച്ചിരുന്നു. പ്രതിഭാശാലിയും സമുദായസ്നേഹിയുമായ അദ്ദേഹം സുജനാനന്ദിനിയുടെ തിരോധാനം നൽകിയ ശൂന്യത നികത്താൻ തീരുമാനിച്ചു. അതിന്റെ സ്തുത്യർഹമായ ഫലമാണ് 'കേരള കൗമുദി'.

## സമുദായ പരിഷ്കാരം

ഒരു സമുദായ പരിഷ്ക്കർത്താവ് എന്ന നിലയിലും കേശവനാശാൻ ശ്രദ്ധേയനാണ്. സമുദായത്തിൽ നിലനിന്നിരുന്ന അപരിഷ്കൃതങ്ങളും അശാസ്ത്രീയവുമായ ദുരാചാരങ്ങൾ അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചിരുന്നു. പുളികുടി തുടങ്ങിയ അനാചാരങ്ങൾ നിർത്തൽ ചെയ്യുന്നതിനുവേി 1080 കന്നി 20-ന് ശ്രീനാരായണഗുരുദേവന്റെ അദ്ധ്യക്ഷതയിൽ പരവൂരിൽ വിളിച്ചുകൂട്ടിയ ഈഴവമഹാജനസമ്മേളനത്തിനു പിന്നിൽ പ്രവർത്തിച്ച മസ്തിഷ്ക്കം ആശാന്റേതും സമുദായ സ്നേഹിയായ സി. വി. കുഞ്ഞുരാമന്റേതും ആയിരുന്നു.

## ശ്രീമൂലം പ്രജാസഭാമെമ്പർ

പലതരത്തിലുള്ള ദായക്രമങ്ങളോടുകൂടിയതായിരുന്നു ഇരുപതാം നൂറ്റാിന്റെ രാം ദശകം വരെയും തിരുവിതാംകൂറിലെ ഈഴവസമുദായം. കൊല്ലം ജില്ലയുടെ തെക്കേ അറ്റം മുതൽ തെക്കോട്ടു മിത്രവഴിക്കാർ, അല്ലെങ്കിൽ മക്കളും മരുമക്കളും ചേർന്ന ദായക്രമക്കാരും ചവറ മുതൽ വടക്കോട്ടു വടക്കൻ പറവൂർ വരെ മരുമക്കവഴിക്കാരും, മീനച്ചൽ, മൂവാറ്റുപുഴ, ആലങ്ങാട് എന്നീ താലൂക്കുകളിൽ ശുദ്ധമക്കത്തായക്കാരും ഇങ്ങനെയായിരുന്നു ഈഴവരുടെ ദായക്രമവ്യവസ്ഥ.

ഈഴവരുടെ ഇന്നത്തെ ദായക്രമം അഥവാ ഈഴവ റഗുലേഷൻ കൊ ുവരുന്നതിന് പ്രജാസഭമെമ്പർ എന്ന നിലയിൽ കേശവനാശാൻ വഹിച്ച പങ്ക് പ്രശംസനീയമാണ്. കെട്ടുറപ്പും ഐകരൂപ്യവുമില്ലാത്ത ഒരു അവകാശക്രമമാണ് ഈഴവരുടെയിടയിൽ നിലനിന്നിരുന്നത്. അഥവാ ഒരു അവകാശക്രമനിയമവും അങ്ങനെയില്ലാത്ത ഒരു സമുദായമായിരുന്നു ഈഴവസമുദായം എന്നതാണ് വസ്തുത.

(തുടർച്ച ...)

നായർ റഗുലേഷനിൽ അടങ്ങിയ തത്വങ്ങളെ ആസ്പദമാക്കി ആവശ്യമുള്ള ഭേദഗതികളോടുകൂടി ഒരു റഗുലേഷൻ ഉ ാകുന്നത് സമുദായത്തിന്റെ ക്ഷേമത്തിന് ആവശ്യമാണെന്നു മനസ്സിലാക്കി 1914–ൽ കൂടിയ ഒൻപതാം പ്രജാസഭയിലെ കേശവനാശാൻ ഉൾപ്പെടെയുള്ള ഈഴവപ്രതിനിധികൾ ദായക്രമത്തെ സംബന്ധിച്ച് ഒരു മെമ്മോറിയൽ ഗവൺമെന്റിനു സമർപ്പിച്ചു. അങ്ങനെതുടക്കംകുറിച്ച ദായക്രമ പരിഷ്ക്കരണ പ്രക്ഷോഭണം, പന്ത്ര ു കൊല്ലക്കാലത്തെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി കൊ.വ. 1100 (ക്രി.വ. 1925) മാ ് ഈഴവ റഗുലേഷൻ രൂപംകൊള്ളുന്നതിനും നിയമമായി തീരുന്നതിനും സഹായിച്ചു.

## എസ്. എൻ. ഡി. പി. യോഗം ഭാരവാഹി

ശ്രീ നാരായണ ഗുരുദേവന്റെ ഉത്തമശിഷ്യനും എസ്.എൻ.ഡി.പി.യോഗം സ്ഥാപിതമായ 1903 മുതൽ അതിന്റെ പ്രവർത്തകനും സേവകനും ആയിരുന്നു കേശവനാശാൻ. എസ്.എൻ.ഡി.പി. യോഗത്തിന്റെ ര ാം വാർഷികത്തോടൊപ്പം കൊല്ലത്തു പത്തു ദിവസം നീ ുനിന്ന അതിഗംഭീരമായ പ്രദർശനമഹോത്സവം 'കേരളത്തിൽ എന്നുതന്നെയല്ല ഭാരതത്തിലും ഇദംപ്രഥമമായിട്ടുള്ളതായിരുന്നു'. ഈ സുപ്രധാനസമ്മേളനത്തിന്റെ നാലു പേരടങ്ങുന്ന വിഷയനിർണ്ണയക്കമ്മിറ്റിയിലെ അംഗമായിരുന്നു ആശാൻ. അതുപോലെ എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രഥമ മാനേജിംഗ് കമ്മിറ്റിയിലും ആശാൻ ഒരംഗമായിരുന്നു. സുജനാനന്ദിനിയിൽ എൻ. കെ. എ. എന്ന തൂലികാനാമത്തിൽ മഹാകവി കുമാരനാശാൻ എഴുതിയ ഈഴവരെസംബന്ധിച്ചുള്ള ലേഖനത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും യോഗത്തിന്റെ ഉപാദ്ധ്യക്ഷനും ജീവാത്മാവുമായ ഡോ. പല്പു, യോഗത്തിന്റെ പ്രഥമ വാർഷിക സമ്മേളനത്തിൽ അംഗങ്ങളെ ഓർമ്മിപ്പിച്ചിരുന്നു. ആ സമ്മേളനത്തിൽവെച്ചാണ് യോഗത്തിന്റെ വകയായി ഒരു മാസിക തുടങ്ങണമെന്ന തീരുമാനം കൈക്കൊ ത്. സുജനാനന്ദിനിയല്ലാതെ മറ്റൊരു മാധ്യമപ്രസിദ്ധീകരണവും ഈഴവർക്കന്നു ായിരുന്നില്ല. 'വിവേകോദയം' തുടങ്ങാനായി രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിയിൽ പരവൂർ കേശവനാശാൻ ഉ ാകാതെ തരമില്ലല്ലോ. അതുപോലെ യോഗം ഡയറക്ടറായും മറ്റനവധി തസ്തികകളിലും അദ്ദേഹം മരണംവരെയും സേവനം നടത്തിയിരുന്നു.

## കുടുംബജീവിതം

ആശാന്റെ കുടുംബജീവിതം 'ദുർവിധിഗ്രസ്തമായിരുന്നു'വെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ രേഖപ്പെടുത്തിയിട്ടു ്. ആശാനു നാല് വിവാഹം കഴിക്കേ ി വന്നു. ആദ്യത്തെ മൂന്നു ഭാര്യമാരിൽ ര ുപേരും അകാലത്തിൽ മരണമടയുകയും ഒരാൾ നിത്യരോഗിയും ശയ്യാവലംബിയാകുകയും ചെയ്തു. നാലാമത്തെ ഭാര്യയിൽ ആറു സന്താനങ്ങളു ായി. അതിൽ ഒരു മകളെയാണ് ഹൈക്കോടതി ജഡ്ജിയായിരുന്ന എൻ. കുമാരൻ വിവാഹം ചെയ്തിരുന്നത്. ആശാന്റെ ഒരു പുത്രനായ പി. കെ. ദാമോദരൻ ഹൈക്കോടതി വക്കീലായിരുന്നു. ഭാഗിനേയന്മാരിലൊരാളിയിരുന്നു പേഷ്ക്കാരായിരുന്ന ബി. പരമു.

ആശാന്റെ ബാല്യകാലം എഴിയത്തായിരുന്നുവെങ്കിലും തന്റെ ജീവിതകാലമധികവും താമസിച്ചിരുന്നത് പൈതൃകമായി സിദ്ധിച്ച പരവൂർ പുത്തൻവീട്ടിലായിരുന്നുവെന്ന് ജീവചരിത്രകാരൻ ടി. കെ. നാരായണൻ രേഖപ്പെടുത്തുന്നു. "1911–ൽ അദ്ദേഹം പരവൂരിൽ നിന്ന് അഞ്ചുമൈൽ കിഴക്കുള്ള കരിമ്പാലൂർ എന്ന ഗ്രാമത്തിലേക്കു താമസം മാറ്റി. അവിടെ വിശാലമായ പറമ്പിൽ ആശ്രമസദൃശമായ ഒരു ചെറുഭവനത്തിൽ താമസിച്ചു. പാഠശാലയും അവിടെയാണ് നടത്തിയിരുന്നത്. അച്ഛൻ സമ്പാദിച്ചു കൊടുത്ത സ്വത്തിനു പുറമെ നല്ല വരവു ായിരുന്നു. എങ്കിലും ധർമ്മതത്പരതകൊ ുള്ള അധിക ച്ചെലവുനിമിത്തം" ധനികനായ അദ്ദേഹം സാധാരണക്കാരനായി മാറി. സാധുക്കളും വിദൂരസ്ഥരുമായ വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ ഗൃഹത്തിൽ താമസിച്ചു പഠനം നടത്തുകയായിരുന്നു പതിവ്.

അന്ത്യകാലത്ത് ആലുവ അദ്വൈതാശ്രമത്തിലോ വർക്കല ശിവഗിരിയിലോ പോയി താമസിച്ച് കുറെക്കൂടി ലോകസേവനം ചെയ്യുന്നതിനായി സന്യാസാശ്രമം സ്വീകരിക്കണമെന്നായിരുന്നു ശ്രീനാരായണ ഗുരുദേവന്റെ ഗൃഹസ്ഥാശ്രമിയായ ആ ശിഷ്യന്റെ ആഗ്രഹം. പക്ഷെ പ്രിയപ്പെട്ടവരുടെ സ്നേഹപൂർണ്ണമായ നിർബന്ധത്തിനു വഴങ്ങി അതു മാറ്റി വെക്കേ ി വന്നു. "ശാസ്ത്രവിധി പ്രകാരമുള്ള ദിനചര്യ മരണദിവസം വരെ കൃത്യമായി ആചരിച്ചുവന്ന ആ ധന്യാത്മാവ് 1092 ധനുമാസം 27–ാം തീയതി യാതൊരു അസുഖവും കൂടാതെ ഇഹലോകവാസം വെടിഞ്ഞു."

(തുടർച്ച ...)

## വിലയിരുത്തൽ

തിരുവിതാംകൂറിലെ അക്കാലത്തെ മഹാപണ്ഡിതന്മാരിൽ അഗ്രഗണ്യൻ എന്ന് സി.വി. കുഞ്ഞുരാമൻ വിശേഷിപ്പിച്ച പരവൂർ കേശവനാശാൻ, ഒരു നൂറ്റാ ിനു മുൻപ് സുജനാനന്ദിനിയിലൂടെ കേരളത്തിൽ തുടങ്ങിവെച്ച ധൈഷണിക നവോത്ഥാനത്തിന്റെ നിത്യനൂതനമായ അടിസ്ഥാനശില പരിപക്വമായ ഒരു വിചാരധാരയാണ്. അത് അറിഞ്ഞോ അറിയാതെയോ സംസ്ക്കാരകേരളത്തിന്റെ അന്തർധാരയായി മാറിയിട്ടു ്. അത് ക ില്ലെന്നു നടിക്കാൻ മറക്കുടയെ മറയാക്കരുത്. മഹാരാഷ്ട്രയിലെ ഭക്തകവി ഛോഖാമേലയുടെ വരികൾ പകർത്തട്ടെ:

"കരിമ്പിൻത ് വളഞ്ഞതാണ്
പക്ഷെ അതിന്റെ നീരല്ല
വില്ല് വക്രാകൃതിയിലാണ്,
എന്നാൽ അമ്പ് അങ്ങനെയല്ല
നദിക്കു വളവു ്.
എന്നാലോ വെള്ളത്തിനില്ല."

അതുപോലെ, കേശവനാശാൻ അവർണ്ണനായിരുന്നു, എന്നാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം അങ്ങനെയല്ല.

സാംസ്കാരിക വിപ്ലവത്തിന്റെ രേഖയും വ്യാഖ്യാനവുമാണ് ചരിത്രം. കേരളത്തിലെ സാംസ്കാരികവിപ്ലവത്തിന് തിരികൊളുത്തിയവരിൽ പരവൂരിന്റെ പ്രഥമ ചരിത്രപുരുഷനായിരുന്ന കേശവനാശാനുമു ായിരുന്നു. താനുൾപ്പെടുന്ന സ്വന്തം സമുദായത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ അദ്ദേഹം സ്വീകരിച്ച മാർഗ്ഗം പണ്ഡിതോചിതമായിരുന്നു. "തൂലികയെ പടവാളാക്കുക." തിരുവിതാംകൂറിൽ അതിന് തുടക്കം കുറിച്ചത് സുജനാനന്ദിനിയായിരുന്നു. ആ സജ്ജനപുത്രിക്ക് ജന്മം നൽകിയ പുണ്യഭൂമിയാണ് പരവൂർ. ആ സാംസ്കാരിക പാരമ്പര്യം സരസ്വതീ നദിപോലെ പരവൂരിന്റെ അന്തർധാരയായി മാറി.

---

(പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി പ്രസിദ്ധീകരിച്ച 'പരവൂർ ഒരു ചരിത്ര സ്മരണിക 2010'ൽ പ്രൊഫ. ചിത്രാഗോപാൽ എഴുതിയ ലേഖനം)